www.pscnet.in

# 207/2014 - M

1. "മുഴുവൻ പ്രപഞ്ചവും എന്റെ ജന്മനാടാണ്"- ആരുടെ വാക്കുകളാണിവ ?
   - (A) രാകേഷ് ശർമ്മ
   - (B) സുനിത വില്യംസ്
   - (C) കൽപ്പന ചൗള
   - (D) വിക്രം സാരാഭായ്

2. ഇന്ത്യയിലെ ഏക തേക്ക് മ്യൂസിയം സ്ഥിതി ചെയ്യുന്നത് :
   - (A) നിലമ്പൂർ
   - (B) പീച്ചി
   - (C) മറയൂർ
   - (D) നെയ്യാർ

3. "സമ്പൂർണ്ണ വിപ്ലവം" എന്ന ആശയത്തിന്റെ ഉപജ്ഞാതാവ് :
   - (A) മദൻ മോഹൻ മാളവ്യ
   - (B) ഗോപാൽ ഹരി ദേശ്മുഖ്
   - (C) ആനി ബസന്റ്
   - (D) ജയപ്രകാശ് നാരായൺ

4. ഇന്ത്യൻ ദേശീയ പതാകയിലെ നിറങ്ങളുടെ ക്രമം :
   - (A) കുങ്കുമം-വെള്ള-പച്ച
   - (B) പച്ച-വെള്ള-കുങ്കുമം
   - (C) വെള്ള-കുങ്കുമം-പച്ച
   - (D) വെള്ള-പച്ച-കുങ്കുമം

5. സ്റ്റാമ്പ് ശേഖരണത്തിന്റെ സാങ്കേതിക നാമം :
   - (A) ന്യൂമിസ്മാറ്റിക്സ്
   - (B) ഓഷ്യോനോഗ്രാഫി
   - (C) ഫിലാറ്റലി
   - (D) പെഡോളജി

6. വിമാനത്തിലുപയോഗിക്കുന്ന ബ്ലാക്ക് ബോക്സിന്റെ നിറം :
   - (A) കറുപ്പ്
   - (B) ഓറഞ്ച്
   - (C) വെള്ള
   - (D) ചുവപ്പ്

7. കേരളത്തിൽ ഗവർണർ സ്ഥാനത്തിരുന്നിട്ടുള്ള ഏക മലയാളി :
   - (A) നിഖിൽ കുമാർ
   - (B) പി. ശിവ് ശങ്കർ
   - (C) പി. രാമചന്ദ്രൻ
   - (D) വി. വിശ്വനാഥൻ

8. ബംഗാൾ വിഭജനം നടപ്പിലാക്കിയ വൈസ്രോയി :
   - (A) കാനിംഗ് പ്രഭു
   - (B) റിപ്പൺ പ്രഭു
   - (C) കഴ്സൺ പ്രഭു
   - (D) മൗണ്ട് ബാറ്റൺ പ്രഭു



fb.com/pscnet.in

9. ഇന്ത്യയെ ശ്രീലങ്കയിൽ നിന്നും വേർതിരിക്കുന്ന കടലിടുക്ക് :
   (A) സൂയസ് കനാൽ
   (B) മഗല്ലൻ കടലിടുക്ക്
   (C) ജിബ്രാൾട്ടർ കടലിടുക്ക്
   (D) പാക് കടലിടുക്ക്

10. ആൻഡമാൻ നിക്കോബാർ ദ്വീപുകൾ സ്ഥിതി ചെയ്യുന്ന സമുദ്രം :
   (A) അറബിക്കടൽ
   (B) ഇന്ത്യൻ മഹാസമുദ്രം
   (C) ബംഗാൾ ഉൾക്കടൽ
   (D) ശാന്ത സമുദ്രം

11. ഗവർണ്ണറെ നിയമിക്കുന്നത് :
   (A) രാഷ്ട്രപതി
   (B) പ്രധാനമന്ത്രി
   (C) ഉപരാഷ്ട്രപതി
   (D) സുപ്രീം കോടതി ചീഫ് ജസ്റ്റിസ്

12. കൊച്ചി കപ്പൽ നിർമ്മാണ ശാലയിൽ നിർമ്മിച്ച ആദ്യത്തെ കപ്പൽ :
   (A) എം. വി. രത്നദ്വീപ്
   (B) എം. വി. മറാത്താമിഷൻ
   (C) എം. വി. റാണി പത്മിനി
   (D) എം. വി. ജെ. ഷാലിൻ

13. കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനം :
   (A) തിരുവനന്തപുരം
   (B) തൃശ്ശൂർ
   (C) കോട്ടയം
   (D) എറണാകുളം

14. വൈക്കം സത്യാഗ്രഹം നടന്ന വർഷം :
   (A) 1924 (B) 1934 (C) 1942 (D) 1943

15. എടയ്ക്കൽ ഗുഹ സ്ഥിതി ചെയ്യുന്ന ജില്ല :
   (A) കോഴിക്കോട് (B) കണ്ണൂർ (C) കൊല്ലം (D) വയനാട്

16. കേരളത്തിലെ ആദ്യത്തെ മുഖ്യമന്ത്രി :
   (A) സി. അച്ച്യുതമേനോൻ
   (B) കെ. കരുണാകരൻ
   (C) പട്ടം താണുപിള്ള
   (D) ഇ. എം. എസ്. നമ്പൂതിരിപ്പാട്

17. ഇന്ത്യയുടെ ദേശീയ കായിക വിനോദം :
   (A) ഫുട്ബോൾ (B) ഹോക്കി (C) ക്രിക്കറ്റ് (D) ചെസ്സ്





PSCNET.in

www.pscnet.in

18. ഇന്ത്യയുടെ പ്രഥമ വിദ്യാഭ്യാസ ഉപഗ്രഹം :
(A) എഡ്യുസാറ്റ് (B) മംഗൾയാൻ (C) രോഹിണി (D) ഭാസ്കര

19. ഭാരത സർക്കാർ തദ്ദേശ സ്ഥാപനങ്ങൾക്കു നൽകുന്ന നിർമൽ ഗ്രാമ പുരസ്കാരം എന്തുമായി ബന്ധപ്പെട്ടതാണ് ?
(A) വിദ്യാഭ്യാസം (B) ശുചിത്വം (C) വ്യവസായം (D) കൃഷി

20. കേരള നിയമസഭയിൽ ഏറ്റവും കൂടുതൽ തവണ ബജറ്റ് അവതരിപ്പിച്ച ധനകാര്യമന്ത്രി :
(A) തോമസ് ഐസക് (B) സി. അച്യുതമേനോൻ
(C) കെ. എം. മാണി (D) പി. ചിദംബരം

21. പായ് വഞ്ചിയിൽ ഒറ്റയ്ക്ക് ലോകം ചുറ്റിയ ആദ്യ ഇന്ത്യാക്കാരൻ :
(A) അഭിനവ് ബിന്ദ്ര (B) അഭിലാഷ് ടോമി
(C) അരുണിമ സിൻഹ (D) ആരതി ഷാ

22. ഇന്ത്യയിലെ ഭൂരഹിതരില്ലാത്ത ആദ്യ ജില്ല :
(A) കൊല്ലം (B) ഇടുക്കി (C) വയനാട് (D) കണ്ണൂർ

23. ഭാരത രത്ന ലഭിക്കുന്ന ആദ്യ കായിക താരം :
(A) സുനിൽ ഗവാസ്കർ (B) സച്ചിൻ തെണ്ടുൽക്കർ
(C) കപിൽ ദേവ് (D) സന്ദീപ് സിംഗ്

24. ജന സമ്പർക്ക പരിപാടിയ്ക്ക് ഐക്യരാഷ്ട്ര സഭയുടെ അവാർഡ് ലഭിച്ച മുഖ്യമന്ത്രി :
(A) ജയ ലളിത (B) ഷീലാ ദീക്ഷിത്
(C) ഉമ്മൻ ചാണ്ടി (D) എ. കെ. ആന്റണി

25. ആദായ നികുതി വകുപ്പ് നൽകുന്ന തിരിച്ചറിയൽ രേഖ :
(A) ആധാർ കാർഡ് (B) പാൻ കാർഡ്
(C) എ. റ്റി. എം കാർഡ് (D) ക്രെഡിറ്റ് കാർഡ്

26. കേരളത്തിന്റെ സംസ്ഥാന മത്സ്യം :
(A) ചെമ്മീൻ (B) അയില (C) സ്രാവ് (D) കരിമീൻ



PSCNET.in

fb.com/pscnet.in

www.pscnet.in

27. തേയിലയുടെ ജന്മദേശം :
(A) ചൈന (B) ബ്രസീൽ (C) ഇന്ത്യ (D) പോർച്ചുഗൽ

28. കേരളത്തിലെ ലോക്സഭാ മണ്ഡലങ്ങളുടെ എണ്ണം :
(A) 14 (B) 28 (C) 20 (D) 25

29. ഉപദ്വീപായ ഇന്ത്യയിലെ ഏറ്റവും ഉയർന്ന കൊടുമുടി :
(A) എവറസ്റ്റ് (B) ആനമുടി (C) ഹിമാലയം (D) പശ്ചിമഘട്ടം

30. ഒന്നാം ഇന്ത്യൻ സ്വാതന്ത്ര്യ സമരം നടന്ന വർഷം :
(A) 1947 (B) 1956 (C) 1875 (D) 1857

31. ബ്രഹ്മ സമാജ സ്ഥാപകൻ :
(A) സ്വാമി ദയാനന്ദ സരസ്വതി (B) രാജാറാം മോഹൻ റോയ്
(C) ഗോപാലകൃഷ്ണ ഗോഖലെ (D) സ്വാമി വിവേകാനന്ദൻ

32. ശ്രീ ശങ്കരാചാര്യരുടെ ജന്മസ്ഥലം :
(A) ആലുവ (B) ചെമ്പഴന്തി (C) കാലടി (D) വൈക്കം

33. കേരളത്തിൽ കളിമണ്ണിന്റെ നിക്ഷേപം ഏറ്റവും കൂടുതലുള്ള സ്ഥലം :
(A) കുണ്ടറ (B) ആലപ്പുഴ (C) ചവറ (D) നീണ്ടകര

34. അധിവർഷം ഉണ്ടാകുന്നത് എത്ര വർഷത്തിലൊരിക്കലാണ് ?
(A) 6 (B) 4 (C) 8 (D) 2

35. ഇന്ത്യയിൽ ബ്രിട്ടീഷ് ആധിപത്യത്തിന് അടിത്തറയിട്ട യുദ്ധം :
(A) ബക്സാർ യുദ്ധം (B) കർണ്ണാട്ടിക് യുദ്ധം
(C) പ്ലാസ്സി യുദ്ധം (D) പാനിപ്പത്ത് യുദ്ധം

36. മുങ്ങിക്കപ്പൽ അപകടത്തെ തുടർന്ന് രാജിവെച്ച ഇന്ത്യൻ നാവിക സേനാ മേധാവി :
(A) വിഷ്ണു ഭഗവത് (B) ശേഖർ സിൻഹ
(C) D. N. മുഖർജി (D) D. K. ജോഷി



fb.com/pscnet.in

www.pscnet.in

37. ഇന്ത്യയിൽ ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപികരിക്കപ്പെട്ടത് :

(A) 1950 (B) 1947 (C) 1956 (D) 1945

38. "ആധുനിക കാലത്തെ മഹാത്ഭുതം" എന്ന് ഗാന്ധിജി വിശേഷിപ്പിച്ചത് :

(A) ഗുരുവായൂർ സത്യാഗ്രഹം (B) വൈക്കം സത്യാഗ്രഹം

(C) ക്ഷേത്ര പ്രവേശന വിളംബരം (D) കുണ്ടറ വിളംബരം

39. ലോക് സഭയിൽ അംഗമാകുന്നതിനുള്ള ഏറ്റവും കുറഞ്ഞ പ്രായം :

(A) 35 (B) 25 (C) 18 (D) 30

40. റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഇപ്പോഴത്തെ ഗവർണർ :

(A) സുബ്ബറാവു (B) വെങ്കിട്ട രമണൻ (C) രഘുറാം രാജൻ (D) മൽഹോത്ര

41. തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികൾ യോഗ്യരല്ലെന്ന് തോന്നിയാൽ അവരെ നിരാകരിച്ച് വോട്ട് രേഖപ്പെടുത്താനുള്ള അവകാശം :

(A) നിഷേധ വോട്ട് (B) അസാധു വോട്ട്

(C) പ്രതികൂല വോട്ട് (D) സാധുവായ വോട്ട്

42. ഇന്ത്യയിലെ മുഖ്യ വിവരാവകാശ കമ്മീഷണറായി തെരഞ്ഞെടുക്കപ്പെട്ട ആദ്യ വനിത :

(A) സുഷമാ സിങ് (B) മീരാ കുമാർ (C) സുഷമ സ്വരാജ് (D) ദീപക് സന്ധു

43. ദേശീയ ഗ്രാമീണ തൊഴിലുറപ്പു നിയമം നിലവിൽ വന്ന വർഷം :

(A) 2005 (B) 2006 (C) 2004 (D) 2000

44. ഇന്ത്യയിൽ ജനസംഖ്യാ കണക്കെടുപ്പ് നടത്തുന്നത് എത്ര വർഷം കൂടുമ്പോൾ :

(A) 5 വർഷം (B) 3 വർഷം (C) 15 വർഷം (D) 10 വർഷം

45. ഇന്ത്യയിലെ ഇപ്പോഴത്തെ മുഖ്യ തെരഞ്ഞെടുപ്പ് കമ്മിഷണർ :

(A) എസ്. വൈ. ഖുറൈഷി (B) എം. എസ്. ഗിൽ

(C) റ്റി. എൻ. ശേഷൻ (D) വി. എ. സമ്പത്ത്



fb.com/pscnet.in

PSCNET.in

www.pscnet.in

46. 'മാഡിബ' എന്ന പേരിലറിയപ്പെടുന്ന ദക്ഷിണാഫ്രിക്കൻ നേതാവ് :
(A) ഹ്യൂഗോ ചാവേസ് (B) നെൽസൺ മണ്ടേല
(C) സമോറ മാഷേൽ (D) വിന്നി മണ്ടേല

47. ഒളിമ്പിക്സിൽ ഇന്ത്യ ഏറ്റവും കൂടുതൽ മെഡൽ സ്വന്തമാക്കിയ വർഷം :
(A) 2004 (B) 2008 (C) 2000 (D) 2012

48. കൂടംകുളം ആണവ നിലയത്തിന് സാങ്കേതിക സഹായം നൽകിയ വിദേശരാജ്യം :
(A) റഷ്യ (B) ബ്രിട്ടൻ (C) ജർമ്മനി (D) ജപ്പാൻ

49. ഇന്ത്യയ്ക്ക് പുറത്ത് ആദ്യമായി ഇന്ത്യൻ പോസ്റ്റോഫീസ് സ്ഥാപിക്കപ്പെട്ടത് എവിടെ ?
(A) ദക്ഷിണാഫ്രിക്ക (B) ഓസ്ട്രേലിയ (C) അന്റാർട്ടിക്ക (D) സൈബീരിയ

50. 'ഭൂമിയുടെ ഇരട്ട' എന്നറിയപ്പെടുന്ന ഗ്രഹം :
(A) ബുധൻ (B) ചൊവ്വ (C) വ്യാഴം (D) ശുക്രൻ

51. വിദ്യാഭ്യാസം മൗലികാവകാശമായി മാറിയത് ഏത് ഭരണഘടനാ ഭേദഗതി അനുസരിച്ചാണ് ?
(A) 76-ാം ഭേദഗതി (B) 42-ാം ഭേദഗതി (C) 86-ാം ഭേദഗതി (D) 74-ാം ഭേദഗതി

52. ആയിരം ദ്വീപുകളുടെ നാട് :
(A) ഇൻഡോനേഷ്യ (B) ലക്ഷദ്വീപ് (C) ഹവായ്ദ്വീപ് (D) മാലിദ്വീപ്

53. ലോക ബാങ്കിന്റെ ആസ്ഥാനം :
(A) ജനീവ (B) വിയന്ന (C) റോം (D) വാഷിങ്ടൺ

54. ശാന്തി നികേതൻ സ്ഥിതി ചെയ്യുന്ന സംസ്ഥാനം :
(A) ഉത്തർ പ്രദേശ് (B) പഞ്ചാബ്
(C) മധ്യപ്രദേശ് (D) പശ്ചിമ ബംഗാൾ

55. ഒറീസ്സയുടെ ദു:ഖം എന്നറിയപ്പെടുന്ന നദി :
(A) ഗോദാവരി (B) കൃഷ്ണ (C) ഗംഗ (D) മഹാനദി



fb.com/pscnet.in

www.pscnet.in

56. ഐ. എസ്. ആർ. ഒ. -യുടെ ആദ്യ അന്യഗ്രഹ ദൗത്യം :

(A) ചാന്ദ്രയാൻ (B) മംഗൾയാൻ (C) മാവേൻ (D) ക്യൂരിയോസിറ്റി

57. ഇന്ത്യയിലെ ആദ്യത്തെ വനിതാ രാഷ്ട്രപതി :

(A) പ്രതിഭാ പാട്ടീൽ (B) വി. വി. ഗിരി

(C) ഇന്ദിരാ ഗാന്ധി (D) ഇവരൊന്നുമല്ല

58. ഏറ്റവും കൂടുതൽ നിയമസഭാംഗങ്ങളുള്ളത് :

(A) കേരളം (B) ബീഹാർ (C) ഉത്തർപ്രദേശ് (D) മധ്യപ്രദേശ്

59. സുപ്രീം കോടതി ജഡ്ജിമാരുടെ വിരമിക്കൽ പ്രായം :

(A) 60 (B) 58 (C) 65 (D) 56

60. സംസ്ഥാന വനിതാ കമ്മീഷൻ ചെയർ പേഴ്സൺ :

(A) സുഗത കുമാരി (B) ഡി.ശ്രീദേവി

(C) നളിനി നെറ്റോ (D) കെ. സി. റോസക്കുട്ടി

61. ചലനനിയമങ്ങൾ ആവിഷ്കരിച്ച ശാസ്ത്രജ്ഞനാര് ?

(A) സർ ഐസക്ക് ന്യൂട്ടൺ (B) റോബർട്ട് ബോയിൽ

(C) ആർക്കിമിഡീസ് (D) ജോൺ ഡാൾട്ടൺ

62. ആസിഡുകളുടെ രാജാവ് എന്നറിയപ്പെടുന്ന ആസിഡ് ഏത് ?

(A) ഹൈഡ്രോ ക്ലോറിക് ആസിഡ് (B) സൾഫ്യൂറിക് ആസിഡ്

(C) നൈട്രിക് ആസിഡ് (D) സിട്രിക് ആസിഡ്

63. ഒരു പദാർത്ഥത്തിൽ അടങ്ങിയിരിക്കുന്ന ഏറ്റവും ചെറിയ കണിക ഏത് ?

(A) ഇലക്ട്രോൺ (B) പ്രോട്ടോൺ (C) ആറ്റം (D) തന്മാത്ര

64. ദോലനചലനത്തിന് ഉദാഹരണം താഴെപ്പറയുന്നവയിൽ ഏതാണ് ?

(A) ക്ലോക്കിലെ സൂചിയുടെ ചലനം (B) ഭൂമിയുടെ പരിക്രമണം

(C) തറയിലൂടെ ഉരുളുന്ന പന്ത് (D) ക്ലോക്കിലെ പെൻഡുലത്തിന്റെ ചലനം



fb.com/pscnet.in

www.pscnet.in

65. ഒരു പദാർത്ഥത്തിന്റെ താപനില എന്നത് അതിലെ തന്മാത്രകളുടെ ശരാശരി ഏത് ഊർജ്ജത്തിന്റെ അളവാണ് ?

(A) ഗതികോർജ്ജം (B) സ്ഥിതികോർജ്ജം

(C) രാസോർജ്ജം (D) താപോർജ്ജം

66. വായുവിലൂടെ പ്രകാശത്തിന്റെ വേഗത എത്ര ?

(A) $3 \times 10^8$ മീ./സെ. (B) $3 \times 10^8$ കി.മീ./സെ.

(C) $3.2 \times 10^8$ മീ./സെ. (D) $3.5 \times 10^8$ മീ./സെ.

67. ഖരപദാർത്ഥങ്ങളിലൂടെ താപം പ്രേഷണം ചെയ്യപ്പെടുന്നത് ഏത് പ്രക്രിയ വഴിയാണ് ?

(A) സംവഹനം (B) ചാലനം (C) വികിരണം (D) വിസരണം

68. ഇലക്ട്രോൺ എന്ന കണികയുടെ വൈദ്യുത ചാർജ്ജ് എന്ത് ?

(A) പോസിറ്റീവ് (B) ഭാഗിക പോസിറ്റീവ്

(C) നെഗറ്റീവ് (D) ഭാഗിക നെഗറ്റീവ്

69. സ്ഥിതി വൈദ്യുത ചാർജ്ജിന്റെ സാന്നിധ്യം അറിയാൻ ഉപയോഗിക്കുന്ന ഉപകരണം ഏത് ?

(A) ബാരോമീറ്റർ (B) തെർമോമീറ്റർ

(C) ലാക്ടോമീറ്റർ (D) ഇലക്ട്രോസ്കോപ്പ്

70. ഉപ്പിന്റെ രാസനാമം എന്ത് ?

(A) പൊട്ടാസ്യം ക്ലോറൈഡ് (B) സോഡിയം ക്ലോറൈഡ്

(C) സോഡിയം കാർബണേറ്റ് (D) സോഡിയം നൈട്രേറ്റ്

71. ഒരു സസ്യകലയിൽ നിന്ന് ഒരേയിനത്തിൽപ്പെട്ട അനേകം സസ്യങ്ങളെ വികസിപ്പി- ച്ചെടുക്കുന്ന രീതിയാണ് :

(A) പിസികൾച്ചർ (B) എപ്പികൾച്ചർ (C) സെറികൾച്ചർ (D) ടിഷ്യുകൾച്ചർ

72. സ്കർവ്വി എന്ന രോഗമുണ്ടാകുന്നത് ഏതു ജീവകത്തിന്റെ കുറവുമൂലമാണ് ?

(A) ജീവകം A (B) ജീവകം C (C) ജീവകം D (D) ജീവകം E



fb.com/pscnet.in

www.pscnet.in

73. കൊതുക് പരത്തുന്ന ഒരു രോഗമാണ് :

(A) മന്ത് (B) അഞ്ചാംപനി

(C) ചിക്കൻ പോക്സ് (D) എലിപ്പനി

74. ഒരു കോശത്തിലെ ഊർജ്ജ നിർമ്മാണ കേന്ദ്രം :

(A) മർമ്മം (B) ലൈസോസോം

(C) മൈറ്റോകോൺഡ്രിയ (D) കോശദ്രവ്യം

75. സൂര്യപ്രകാശം പതിക്കുമ്പോൾ ശരീരത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന ജീവകം :

(A) ജീവകം E (B) ജീവകം $B_1$ (C) ജീവകം A (D) ജീവകം D

76. ഒരു ആഹാരശൃംഖലയിലെ ആദ്യത്തെ കണ്ണി :

(A) സസ്യങ്ങൾ (B) ജന്തുക്കൾ (C) മാംസഭോജികൾ (D) സസ്യഭോജികൾ

77. ജലദോഷത്തിനു കാരണമായ രോഗാണു :

(A) ഫംഗസ് (B) വൈറസ് (C) പ്രോട്ടോസോവ (D) ബാക്ടീരിയ

78. മലിനമായ ആഹാരം, ജലം എന്നിവയിലൂടെ പകരുന്ന രോഗം :

(A) ക്ഷയം (B) ചിക്കൻപോക്സ്

(C) കോളറ (D) ഡെങ്കിപ്പനി

79. രക്തം കട്ടപിടിക്കാൻ സഹായിക്കുന്ന ജീവകം :

(A) ജീവകം K (B) ജീവകം A (C) ജീവകം C (D) ജീവകം E

80. ഓർണിത്തോളജി ഏതിനം ശാസ്ത്രശാഖയാണ് ?

(A) പല്ലികളെക്കുറിച്ചുള്ള പഠനം (B) സസ്യങ്ങളെക്കുറിച്ചുള്ള പഠനം

(C) പക്ഷികളെക്കുറിച്ചുള്ള പഠനം (D) ചന്ദ്രനെക്കുറിച്ചുള്ള പഠനം

81. ഒരു ചതുരത്തിന്റെ നീളം 40 സെ.മീറ്ററും വീതി 20 സെ. മീറ്ററും ആയാൽ പരപ്പളവ് (വിസ്തീർണം) എത്ര ?

(A) 800 ച.സെ.മീ (B) 8000 ച.സെ.മീ (C) 80 ച.സെ.മീ (D) 400 ച.സെ.മീ



fb.com/pscnet.in

www.pscnet.in

82. $\frac{824}{68}$ -ന്റെ ഏറ്റവും ചെറിയ രൂപം ഏത് ?

(A) $\frac{412}{34}$ (B) $\frac{208}{17}$ (C) $\frac{206}{17}$ (D) $\frac{200}{17}$

83. 6.02 -ന്റെ പകുതി എത്ര ?

(A) 3.3 (B) 3.12 (C) 3.02 (D) 3.01

84. $48 \div 7$ -ന് തുല്യമായത് താഴെക്കാണുന്നതിൽ ഏത് ?

(A) $6\frac{7}{6}$ (B) $6\frac{6}{7}$ (C) $7\frac{6}{7}$ (D) $7\frac{7}{6}$

85. വൃത്തത്തിന്റെ ഡിഗ്രി അളവിന്റെ മൂന്നിലൊന്നു ഭാഗം താഴെക്കാണുന്നവയിൽ ഏത് ?

(A) 300 (B) 200 (C) 100 (D) 120

86. വിജയന് ഒരു ദിവസത്തെ ചിലവിന് ₹ 150 വേണം ഇപ്പോൾ അവന്റെ കൈയ്യിൽ ₹ 5000 -മുണ്ട്. ഈ രൂപ എത്ര ദിവസത്തേക്ക് തികയും ?

(A) 43 (B) 33 (C) 83 (D) 34

87. ₹ 3000 -ത്തിന്റെ $\frac{1}{2}$ ഭാഗം സജിയും $\frac{1}{4}$ ഭാഗം വിജിയും വീതിച്ചെടുത്തു. ഇനി എത്ര രൂപ ബാക്കിയുണ്ട് ?

(A) ₹ 750 (B) ₹ 1,500 (C) ₹ 350 (D) ₹ 550

88. $5.29 + 5.30 + 3.20 + 3.60 = ?$

(A) 17.8 (B) 17.4 (C) 16.40 (D) 17.20

89. ജോണി ₹ 6000 ബാങ്കിൽ നിക്ഷേപിച്ചു. രണ്ടു വർഷം കഴിഞ്ഞപ്പോൾ ₹ 6800 കിട്ടി. എങ്കിൽ ബാങ്ക് നൽകിയ വാർഷിക സാധാരണ പലിശ നിരക്ക് എത്ര ?

(A) $\frac{40}{3}\%$ (B) $\frac{200}{3}\%$ (C) $\frac{20}{3}\%$ (D) $\frac{10}{3}\%$



fb.com/pscnet.in

www.pscnet.in

90. ₹ 1000 ഒരാൾ ബാങ്കിൽ നിന്നും കടമെടുത്തു. ബാങ്ക് 8% വാർഷിക കൂട്ടു പലിശ രീതിയിലാണ് പലിശ കണക്കാക്കുന്നതെങ്കിൽ 2 വർഷം കഴിയുമ്പോൾ അയാൾ എത്ര രൂപ ആകെ തിരിച്ചടയ്ക്കണം ?

(A) ₹ 1246.4 (B) ₹ 1146.4 (C) ₹ 1346.4 (D) ₹ 1166.4

91. ഒരു ഹോട്ടൽ പണിക്കാരൻ ദോശയുണ്ടാക്കാൻ 100 കി.ഗ്രാം അരിയും 50 കി.ഗ്രാം ഉഴുന്നും എടുത്തു. ഇവിടെ അരിയുടെയും ഉഴുന്നിന്റെയും അംശബന്ധം എത്ര ?

(A) 1 : 2 (B) 2 : 1 (C) 4 : 3 (D) 3 : 4

92. രാജു രാവിലെ 6 മണിക്ക് കാറിൽ യാത്ര ചെയ്ത് 100 കി. മീറ്റർ അകലെയുള്ള നഗരത്തിൽ 10 മണിക്ക് എത്തിച്ചേർന്നു. എന്നാൽ കാറിന്റെ ശരാശരി വേഗം എത്ര ?

(A) 25 കി.മീ./മണിക്കൂർ (B) 30 കി.മീ./മണിക്കൂർ

(C) 20 കി.മീ./മണിക്കൂർ (D) 35 കി.മീ./മണിക്കൂർ

93. $\frac{5}{4} \times 22 + \frac{7}{4} \times 22 = ?$

(A) 26 (B) 36 (C) 46 (D) 66

94. സമചതുരക്കട്ട (ക്യൂബ്) -യുടെ ഒരു വശത്തിന് 6.5 സെ.മീ. ആയാൽ അതിന്റെ വ്യാപ്തം എത്ര ?

(A) 274.625 ഘ.സെ.മീ (B) 273.625 ഘ.സെ.മീ

(C) 276.625 ഘ.സെ.മീ (D) 376.225 ഘ.സെ.മീ

95. $\frac{81}{27} \times \frac{144}{44}$ -ന്റെ ലഘുരൂപം :

(A) $\frac{108}{12}$ (B) $\frac{108}{13}$ (C) $\frac{108}{11}$ (D) $\frac{106}{11}$

96. $\frac{7^2 \times 9^3}{27 \times 343} = ?$

(A) $\frac{27}{7}$ (B) $\frac{27}{21}$ (C) $\frac{7}{27}$ (D) $\frac{21}{27}$



fb.com/pscnet.in

www.pscnet.in

97. ഒരു ത്രികോണത്തിന്റെ ഒരു വശത്തിന്റെ നീളം 60 സെന്റിമീറ്ററും അതിന്റെ എതിർമൂലയിൽ നിന്നു ആ വശത്തേക്കുള്ള ലംബദൂരം 25 സെന്റിമീറ്ററും ആയാൽ പരപ്പളവ് എത്ര ?

(A) 1500 ച.സെ.മീ (B) 600 ച.സെ.മീ (C) 300 ച.സെ.മീ (D) 750 ച.സെ.മീ

98. താഴെക്കാണുന്നവയിൽ പൂർണവർഗ്ഗ സംഖ്യയല്ലാത്തത് ഏത് ?

(A) 81 (B) 91 (C) 361 (D) 121

99. ഒരു സമചതുരത്തിന്റെ പരപ്പളവ് 784 ച.സെ.മീറ്റർ ആയാൽ അതിന്റെ വികർണത്തിന്റെ നീളം എത്ര ?

(A) 1568 സെ.മീ. (B) 784 സെ.മീ. (C) $28\sqrt{2}$ സെ.മീ. (D) $2\sqrt{28}$ സെ.മീ.

100. $-8-(-6+3)$ -നെ ലഘൂകരിച്ചാൽ കിട്ടുന്നത് :

(A) $-5$ (B) 5 (C) 17 (D) $-17$

- o 0 o -



PSCNET.in

fb.com/pscnet.in